**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5599** **13-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുഴകളുടെ കുത്തൊഴുക്ക് കാരണം കര ഇടിഞ്ഞ് വീടുകൾക്കും കൃഷിക്കും നാശനഷ്ടമുണ്ടാവുന്നത് തടയുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പുഴകളുടെ കുത്തൊഴുക്ക് കാരണം കര ഇടിഞ്ഞ് വീട്ടുകൾക്കും കൃഷിക്കും നാശനഷ്ടമുണ്ടാവുന്നത് തടയുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വെള്ളപ്പൊക്കനിയന്ത്രണം, വെള്ളപ്പൊക്ക കെട്ടതികൾ, ആർ.എം.എഫ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുഴ സംരക്ഷണഭിത്തികൾ നിർമ്മിക്കാനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ നദിതീര സംരക്ഷണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളും ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങളും ശിപാർശകളും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിക്കുന്ന പക്ഷം അത്തരം ശിപാർശകൾ ബഹു.റവന്യൂ മന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉന്നതതല സമിതിയിലേയ്ക്ക് അവ ശുപാർശ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന ഉന്നതതല സമിതിയുടെ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ റിവർ മാനേജ്മന്റ് ഫണ്ട് ഉപയോഗിച്ച് നിർവഹിച്ചുവരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ തുക ശേഷിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മന്റ് ഫണ്ടിൽ നിലവിൽ 2 ,07 ,67 ,739 /-(രണ്ടു കോടി ഏഴ് ലക്ഷത്തി അറുപത്തിഏഴായിരത്തി എഴുനൂറ്റി മുപ്പത്തിയൊമ്പതു) രൂപ ശേഷിക്കുന്നുണ്ട് |
| (സി) | ചാത്തമംഗലം പഞ്ചായത്തിൽ ഇരുവഴിഞ്ഞിപ്പുഴയുടെ വലതുകരയിൽ നാരങ്ങാളി പറമ്പിനോട് ചേർന്ന് തീര സംരക്ഷണത്തിനായി മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ചാത്തമംഗലം പഞ്ചായത്തിൽ ഇരുവഴിഞ്ഞി പ്പുഴയുടെ വലതുകരയിൽ നാരങ്ങാളി പറമ്പിനോട് ചേർന്ന് തീരസംരക്ഷണത്തിനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയ്ക്കായി തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ 2021-22 വർഷത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ കോഴിക്കോട് ജില്ലാ വിദഗ്ധ സമിതിയിൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 2020 ജൂണിൽ അവസാനിച്ചതിനാലും പുതിയ അംഗങ്ങളെ നിയമിച്ചുക്കൊണ്ടു ഗസറ്റിൽ വിജ്ഞാപനം ചെയേണ്ടതുണ്ട് എന്നതിനാലും ആയതിനുശേഷം മാത്രമേ ഭരണാനുമതി നൽകി, ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | എങ്കിൽ പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആയതിന് ഭരണാനുമതി ലഭ്യമാക്കാമോ? | (ഡി) | ചാത്തമംഗലം പഞ്ചായത്തിൽ ഇരുവഴിഞ്ഞി പ്പുഴയുടെ വലതുകരയിൽ നാരങ്ങാളി പറമ്പിനോട് ചേർന്ന് തീരസംരക്ഷണത്തിനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയ്ക്കായി തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ 2021-22 വർഷത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ കോഴിക്കോട് ജില്ലാ വിദഗ്ധ സമിതിയിൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 2020 ജൂണിൽ അവസാനിച്ചതിനാലും പുതിയ അംഗങ്ങളെ നിയമിച്ചുക്കൊണ്ടു ഗസറ്റിൽ വിജ്ഞാപനം ചെയേണ്ടതുണ്ട് എന്നതിനാലും ആയതിനുശേഷം മാത്രമേ ഭരണാനുമതി നൽകി, ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ